കേരള സർക്കാർ
Government of Kerala

# പൗരാവകാശരേഖ
# CITIZENS CHARTER

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
## Directorate of Economics & Statistics

ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
Directorate of Economics & Statistics
വികാസ് ഭവൻ, തിരുവനന്തപുരം - 695033
Vikas Bhavan, Thiruvananthapuram –695033

# പൗരാവകാശ രേഖ

## ആമുഖം:

ഈ സഹസ്രാബ്ദം വിവരസാങ്കേതിക വിദ്യയുടേയും അതിനെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റേയും ഒരു കാലഘട്ടമാകുന്നു. ഈ അവസരത്തിൽ വിവര സാങ്കേതികവിദ്യ പ്രചരിപ്പിക്കുന്നതിൽ സ്റ്റാറ്റിസ്റ്റിക്സിന് ഒരു പ്രമുഖ സ്ഥാനമാണുള്ളത്. സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഭാരതത്തിലെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തിരുവിതാംകൂർ സർവ്വകലാശാലയുടെ ആദ്യകാലഘട്ടത്തിൽ ഗവേഷണ വകുപ്പിന്റെ കീഴിൽ യുദ്ധത്തിനു ശേഷമുള്ള പുനരുദ്ധാരണത്തിന്റെ ഭാഗമായിട്ട് 1949-ൽ ആരംഭിച്ച കാർഷിക സ്ഥിതിവിവരക്കണക്കിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതിയിലായിരുന്നു ഈ വകുപ്പിന്റെ ഉത്ഭവം. തിരുവിതാംകൂർ കൊച്ചിൻ സംസ്ഥാനങ്ങളുടെ സംയോജനത്തിനുശേഷം 1951-ൽ സംസ്ഥാന സർക്കാർ ബോർഡ് ഓഫ് സ്റ്റഡീസ് രൂപീകരിച്ചു. തുടർന്ന് 1954-ൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് രൂപീകരിക്കുകയും 1963-ൽ ഈ വകുപ്പ് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് എന്ന പേരിൽ നാമകരണം ചെയ്യുകയും ചെയ്തു. 1980 മുതൽ ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്ന നാമധേയത്തിൽ പ്രവർത്തിച്ചുവരുന്നു. (08.08.1980-ലെ ജി.ഒ(ആർ.റ്റി) 366/80/പിഎൽജി നമ്പർ ഉത്തരവ്) ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്ക് സിസ്റ്റത്തിന്റെ നാഡീകേന്ദ്രമാകുന്നു.

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളുടെ രൂപീകരണത്തിനും പദ്ധതി നടത്തിപ്പിനും ആവശ്യമായ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, തരംതിരിക്കൽ, വിശകലനം എന്നീ ജോലികൾ നിർവ്വഹിക്കുന്ന ഒരു നോഡൽ ഏജൻസിയായിട്ടാണ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രവർത്തിക്കുന്നത്. അതുപോലെ ഈ വകുപ്പിനെ സ്റ്റേറ്റ് അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് അതോറിറ്റി (*സാസാ*) ആയി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

## പ്രവർത്തനങ്ങൾ:

1. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളിൽ സ്ഥിതിവിവരക്കണക്ക് സംബന്ധമായ ശേഖരണം, തരംതിരിക്കൽ, വിശകലനം, പ്രചാരണം എന്നീ ജോലികൾ വ്യവസ്ഥാപിതമായ രീതിയിൽ

അർപ്പണ ബോധത്തോടുകൂടി നിർവ്വഹിക്കുന്ന സംസ്ഥാനത്തിന്റെ ഒരു നോഡൽ ഏജൻസിയായിട്ട് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രവർത്തിക്കുന്നു.

ഈ വകുപ്പ് 50%, 100% കേന്ദ്രാവിഷ്കൃത പദ്ധതികളും പദ്ധതി-പദ്ധതിയേതര പദ്ധതികളും പ്രാവർത്തികമാക്കുന്നു.

2. സാമൂഹ്യ-സാമ്പത്തിക വികസനത്തിന് ആസ്പദമായ വിവിധ വശങ്ങളെ സംബന്ധിച്ച് കാലികപ്രസക്തിയുള്ള വിഷയാധിഷ്ഠിത ഹ്രസ്വസർവ്വേകൾ, ഗ്രാമവികസനപരിപാടികളുടെ ദ്രുതാവലോകനം, പ്രാദേശികതല അന്വേഷണം തുടങ്ങിയവ സംഘടിപ്പിക്കുന്നു.

3. സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക വിശകലനം ചെയ്യുക അപഗ്രഥിക്കുക തുടങ്ങിയവയ്ക്ക് ഈ വകുപ്പിലെ ജീവനക്കാരെ പരിശീലിപ്പിക്കുന്നു.

4. ഭാരതസർക്കാരിന്റേയും മറ്റു സംസ്ഥാന സർക്കാരിന്റേയും യൂണിയൻ ടെറിട്ടറികളിലേയും സ്ഥിതിവിവരക്കണക്ക് ഉദ്യോഗസ്ഥരുമായി ബന്ധം പുലർത്തുന്നു.

5. കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്വത്തിൽ നടത്തുന്ന ജനസംഖ്യാ കണക്കെടുപ്പ്, കാർഷിക കാനേഷുമാരി, സാമ്പത്തിക കണക്കെടുപ്പ്, കന്നുകാലി കണക്കെടുപ്പ് മുതലായ കണക്കെടുപ്പുകളിൽ വകുപ്പ് പങ്കാളിയാവുന്നു.

6. വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഏകോപിപ്പിക്കുന്ന ഒരു ഏജൻസി എന്ന നിലയിൽ പ്രവർത്തിക്കുന്നു.

7. മറ്റു വകുപ്പുകൾക്കു വേണ്ടിയുള്ള പ്രത്യേക സർവ്വേകൾക്കും പഠനങ്ങൾക്കും മാർഗനിർദ്ദേശം നൽകുന്നു.

## വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ

1. കാർഷിക സ്ഥിതിവിവരക്കണക്കുകൾ പതിവായി ശേഖരിച്ച് വാർഷികാടിസ്ഥാനത്തിലും കാലാവസ്ഥാടിസ്ഥാനത്തിലും പ്രസിദ്ധീകരിക്കുന്നു.

   എ. കാർഷിക സ്ഥിതിവിവര കണക്കുകളുടെ പ്രവചനറിപ്പോർട്ട് തയ്യാറാക്കുന്നു.

   ബി. സംസ്ഥാനത്തെ പ്രധാന വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ ഏകദേശ വിസ്തൃതിയും ഉല്പാദനവും മുൻകൂട്ടി കണക്കാക്കുന്നു.

2. കാർഷിക സെൻസസും ഇൻപുട്ട് സർവ്വേയും

[കൈവശാനുഭവ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലും വിനിയോഗാടിസ്ഥാനത്തിലും കൈവശാനുഭവത്തിൻെറ സ്വഭാവമനുസരിച്ചുള്ള വിതരണം കാർഷികവിളകളുടെ വിസ്തീർണ്ണം, വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം എന്നിവ ശേഖരിക്കുന്നു]

3. കൃഷിചെലവു സർവ്വെ - [കാർഷിക വികസന പരിപാടികൾക്കാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയപരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ പ്രധാന കാർഷികവിളകളുടെ കൃഷിചെലവുകളെക്കുറിച്ച് പഠനം നടത്തുന്നു][]

4. ആന്വൽ സർവ്വേ ഓഫ് ഇൻഡസ്ട്രീസ്

സംസ്ഥാനത്തെ സംഘടിതമേഖലയിൽ രജിസ്ട്രർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ പ്രവർത്തനവിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചുവരുന്നു.

5. വ്യാവസായിക ഉല്പാദന സൂചിക : സംസ്ഥാനത്തെ വ്യാവസായിക വളർച്ച കണക്കാക്കുന്നതിനുള്ള വ്യാവസായിക ഉല്പാദന സൂചിക തയ്യാറാക്കുന്നു

6. ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സ്: [ഭവന നിർമ്മാണരംഗത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ഭവനനിർമ്മാണ വകുപ്പിന് അയച്ചു കൊടുക്കുന്നു]

7. ലേബർ സ്റ്റാറ്റിസ്റ്റിക്സ്: [ഫാക്ടറികളിലെ വാർഷിക കണക്കുകൾ, പണിമുടക്ക്, ലോക്കൗട്ട്, ലേ-ഓഫ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുക്കുന്നു]

8. ജനസംഖ്യാ പഠനവിഭാഗം - സിവിൽ രജിസ്ട്രേഷൻ

എ. ജനന മരണ രജിസ്ട്രേഷൻ ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന ജനന മരണ കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് അയച്ചുകൊടുക്കുന്നു.

ബി. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്: മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് നടപ്പിലാക്കിയ സ്ഥാപനങ്ങളിൽ നിന്നും മരണകാരണം സർട്ടിഫൈ ചെയ്തവ ശേഖരിച്ചു റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുന്നു.

സി. സ്പോട്ട് ചെക്ക് സർവ്വേ: സംസ്ഥാനത്തിലെ നഗരപ്രദേശങ്ങളിൽ ഉണ്ടാകുന്ന ജനന മരണങ്ങളുടെ വിവരങ്ങൾ പുന:പരിശോധന നടത്തുന്നു.

9. സാമ്പിൾ രജിസ്ട്രേഷൻ; സംസ്ഥാനത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ ജനസംഖ്യ, ജനനം, മരണം മുതലായവയുടെ വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി രജിസ്ട്രാർ ജനറലിന് നൽകി വരുന്നു.

10. വേതന ഘടന സർവ്വെ: വ്യാപാര വാണിജ്യ സ്ഥാപനങ്ങളിലേയും കെട്ടിടനിർമ്മാണ യൂണിറ്റിലേയും തൊഴിലാളികളുടെ വേതന നിരക്കുകൾ ശേഖരിച്ച് പട്ടികകൾ തയ്യാറാക്കുന്നു.

11. പ്രൈസസ് സ്റ്റാറ്റിസ്റ്റിക്സ്:

12. എ: കാർഷിക വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി ഉപഭോക്തൃവിലസൂചിക തയ്യാറാക്കുന്നു. (അടിസ്ഥാനവർഷം 1998–99 = 100)

ബി: പാരിറ്റി ഇൻഡക്സ് നമ്പർ കണക്കുകൂട്ടുന്നു.

സി: മൊത്ത വില്പനവില സൂചിക കണക്കുകൂട്ടുന്നു.

ഡി: അവശ്യസാധനങ്ങളുടെ വില ശേഖരിക്കുന്നു.

ഇ: ആഹാര സാധനങ്ങളുടെ വില ശേഖരണം.

എഫ്: മാർക്കറ്റ് ഇന്റലിജൻസിനുവേണ്ടി ഉല്പന്നങ്ങളുടെ മൊത്ത വില ശേഖരണം.

13. ദേശീയ സാമ്പിൾ സർവ്വെയ്ക്കു സമാനമായ രീതിയിൽ സർവ്വെ നടത്തുന്നു

14. സംസ്ഥാന വരുമാനം കണക്കു കൂട്ടുന്നു.

15. മണ്ണുസംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം.

16. സ്ഥിതിവിവരക്കണക്ക് സംബന്ധമായ പ്രസിദ്ധീകരണങ്ങൾ.

17. കാലാകാലങ്ങളിൽ താൽപര്യമുള്ള വിഷയങ്ങളിൽ താൽക്കാലിക സർവ്വെ നടത്തുന്നു. ഉദാ: ഏജ്ഡ് സിറ്റിസെൻസ് ഇൻ കേരള, സോഷ്യോ–ഇക്കണോമിക് പ്രൊഫൈൽ 2002–03.

## പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ:

വികസനോന്മുഖ പദ്ധതികൾ വകുപ്പ് നേരിട്ട് നടപ്പിൽ വരുത്തുന്നില്ലായെങ്കിലും, വകുപ്പ് വ്യാപനം ചെയ്യുന്നതും വിശകലനം നടത്തുന്നതുമായ അടിസ്ഥാന വിവരങ്ങൾ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലും വികസന പ്രവർത്തനങ്ങളുടെ നിരീക്ഷണ-അവലോകനങ്ങൾക്കായി ഇവ വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

വാസ്തവത്തിൽ സ്ഥൂലാധിസ്ഥിത പദ്ധതികളും സൂക്ഷ്മാധിസ്ഥിത പദ്ധതികളും രൂപപ്പെടുത്തുന്നതിൽ നല്ലൊരു പരിധിവരെ ഈ സ്ഥിതിവിവര കണക്കുകളെ ആധാരമാക്കിയിട്ടുള്ളതാണ്.

ഭരണകർത്താക്കൾക്കും വിദ്യാഭ്യാസ വിചക്ഷകർക്കും പൊതുജനങ്ങൾക്കും മറ്റും, പത്രമാധ്യമങ്ങൾ വഴിയും വിവര സങ്കേതിക മാധ്യമങ്ങൾ വഴിയും ഈ വിവരശേഖരണം പ്രാപ്യമാണ്. ഇപ്പോൾ സർക്കാരിന്റ ഔദ്യോഗിക ജാലിക (വെബ്സൈറ്റ്) ത്തിലും ഈ വിവരങ്ങൾ ലഭ്യമാണ്.

വിവിധയിനം അവശ്യസാധനങ്ങളുടെ ദൈനംദിന വിലകൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നുണ്ട്. അതുപോലെ തന്നെ വ്യാവസായിക-കാർഷിക തൊഴിലാളികൾക്കായുള്ള ഉപഭോക്തൃ വിലസൂചികയും മാസന്തോറും പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. ഇവയാണ് പൊതുജനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന വിവരശേഖരം.

## പ്രസിദ്ധീകരണങ്ങൾ

1. സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ളാനിംഗ്
2. കേരള അറ്റ് എ ഗ്ളാൻസ്
3. സ്റ്റാറ്റിസ്റ്റിക്സ് സിൻസ് ഇൻഡിപെൻഡൻസ്
4. വിമൻ ഇൻ കേരള
5. പഞ്ചായത്ത് ലവൽ സ്റ്റാറ്റിസ്റ്റിക്സ് - ഓൾ ഡിസ്ട്രിക്ട്
6. അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് - 2000-2001
7. റിപ്പോർട്ട് ഓൺ അഗ്രികൾച്ചറൽ സെൻസസ്
8. റിപ്പോർട്ട് ഓൺ കോസ്റ്റ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇംപോർട്ടന്റ് ക്രോപ്സ് ഇൻ കേരള
9. വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് ബുള്ളറ്റിൻ - 1997
10. റിപ്പോർട്ട് ഓൺ ഫാമിലി ബജറ്റ് സർവ്വെ

11. കേരള ഇക്കോണമി - 2001
12. സീസൺ ആന്റ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള
13. അന്വൽ റിപ്പോർട്ട് ഓൺ റസിഡൻഷ്യൽ വൈറ്റൽ റേറ്റ്സ് ഇൻ കോർപ്പറേഷൻസ് ആന്റ് മുനിസിപ്പാലിറ്റീസ്
14. അന്വൽ റിപ്പോർട്ട് ഓൺ സാമ്പിൾ രജിസ്ട്രേഷൻ ഓഫ് ബർത്ത് ആന്റ് ഡെത്ത് ഇൻ കേരള
15. റിപ്പോർട്ട് ഓൺ വേജ് സ്ട്രക്ച്ചർ സർവ്വെ
16. ബ്രോഷർ ഓൺ ഗ്രോസ് ഫിക്സഡ് ക്യാപിറ്റൽ ഇൻ കേരള
17. റിപ്പോർട്ട് ഓൺ ഇൻപുട്ട് സർവ്വെ (അഗ്രികൾച്ചറൽ സെൻസസ്)
18. അഗ്രികൾച്ചറൽ സെൻസസ് - പ്രിലിമിനറി റിപ്പോർട്ട് ഓൺ ഓപ്പറേഷണൽ ഹോൾഡിംഗ്സ്.
19. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസസ് ഓഫ് ഡെത്ത് (എം.സി.സി.ഡി) 1997 റിപ്പോർട്ട് ഓൺ വർക്കിംഗ് ഓഫ് ഫാക്ടറീസ് ആക്ട് 1948 വേജസ് ആക്ട് 1936 ആന്റ് മെറ്റേണിറ്റി ബനഫിറ്റ് ആക്ട് 1961 ഫോർ ദ ഇയർ 1999.
20. ഹൗസ്ഹോൾഡ് കൺസംപ്ഷൻ പാറ്റേൺ ഇൻ കേരള ആന്റ് ഇന്ത്യ
21. സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റ്
22. റിപ്പോർട്ട് ഓൺ ക്വിൻ ക്വിനിയൽ സർവ്വെ ഓൺ കൺസ്യൂമർ ഇക്സ്പെൻഡിച്ചർ
23. ഇവാലുവേഷൻ സ്റ്റഡി ഓൺ സോയിൽ കൺസർവേഷൻ ഇൻ കേരള
24. റിപ്പോർട്ട് ഓൺ കമ്പ്യൂട്ടർ സർവ്വെ
25. ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ വാർഷിക ഭരണ റിപ്പോർട്ട്
26. ഇക്കോസ്റ്റാറ്റ് ന്യൂസ് ദ്വൈമാസിക.

## വകുപ്പിൻെറ ഘടന:

സംസ്ഥാനത്തെ സ്ഥിതിവിവര കണക്കു വ്യവസ്ഥയുടെ നാഡീകേന്ദ്രമാണ് ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്. വകുപ്പിന്റെ ഭരണ വിഭാഗത്തിന്റേയും സാങ്കേതിക വിഭാഗത്തിന്റേയും തലവൻ ഡയറക്ടർ ആണ്. സംസ്ഥാന സർക്കാരിൻെറ സ്റ്റാറ്റിസ്റ്റിക്കൽ അതോറിറ്റിയായി പ്രവർത്തിക്കുന്നതിൽ സാമ്പത്തിക സ്ഥിതിവിവര കണക്കുകളുമായി ബന്ധപ്പെട്ട ശേഖരണം,

ക്രമീകരിക്കൽ, അപഗ്രഥനം, പ്രചാരണം എന്നീ ധർമ്മങ്ങൾ ഈ വകുപ്പ് നിർവ്വഹിക്കുന്നു. കാര്യനിർവ്വഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും സങ്കേതിക വിഭാഗത്തിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഡയറക്ടറെ സഹായിക്കുന്നു. സ്ഥിതിവിവര കണക്ക് സംബന്ധമായ ജോലികൾ കൈകാര്യം ചെയ്യുന്നതിനായി ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വിഭാഗങ്ങളും ജോയിന്റ് ഡയറക്ടർമാരുടെ നിയന്ത്രണത്തിൽ ഉപവിഭാഗങ്ങളും പ്രവർത്തിക്കുന്നു. ഈ ഉപവിഭാഗങ്ങളെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റുകളായി തിരിച്ച്, ഓരോ യൂണിറ്റിന്റേയും ചുമതല ഡെപ്യൂട്ടി ഡയറക്ടറോ, അസിസ്റ്റന്റ് ഡയറക്ടറോ, റിസർച്ച് ഓഫീസറോ വഹിക്കുന്നു. ജോലിഭാരം, സ്വഭാവം എന്നിവ കണക്കിലെടുത്ത് ഓരോ സങ്കേതിക യൂണിറ്റിലും റിസർച്ച് ഓഫീസർ, റിസർച്ച്അസിസ്റ്റന്റ്, കമ്പയിലറന്മാർ എന്നിവർ ഉണ്ടായിരിക്കും. ഭരണ നിർവ്വഹണ വിഭാഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സൂപ്രണ്ട്, ക്ളാർക്ക്/കമ്പയിലർ എന്നിവരും സഹായിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ 14 ജില്ലാ ആഫീസുകളും സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ നിയന്ത്രണത്തിൽ 61 താലൂക്ക് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഡെപ്യൂട്ടി ഡയറക്ടറെ ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ആഫീസർ, റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ്, കമ്പയിലേഴ്സ് എന്നിവരും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ഇൻവെസ്റ്റിഗേറ്റർ എന്നിവരും സഹായിക്കുന്നു.

സ്ഥിതിവിവരക്കണക്കു സംബന്ധമായ ജോലികൾക്കായി റിസർച്ച് ഓഫീസർ മുതൽ ജോയിന്റ് ഡയറക്ടർ വരെയുള്ളവരുടെ നേതൃത്വത്തിൽ പ്രധാന വകുപ്പുകളിൽ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ പ്രവർത്തിക്കുന്നു. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ നിയന്ത്രണത്തിൽ എല്ലാ ഗ്രാമവികസന ഓഫീസിലും എക്സ്റ്റൻഷൻ ഓഫീസർ (പി ആന്റ് എം) എന്ന പേരിൽ ഒരു തസ്തിക പ്രവർത്തിക്കുന്നുണ്ട്.

## അഡീഷണൽ ഇൻഫ്രാസ്ട്രക്ചർ (ഗതാഗത-വാർത്താവിതരണ സേവന സൗകര്യ വ്യവസ്ഥ)

വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നിയന്ത്രണത്തിൽ ഒരു കമ്പ്യൂട്ടർ വിഭാഗവും എല്ലാ ജില്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ യൂണിറ്റും ഉണ്ട്. ഇതിനും പുറമെ വകുപ്പിന് സ്വന്തമായി ഒരു ചെറിയ പ്രിന്റിംഗ് പ്രസ്സും അനുബന്ധ ഉപകരണങ്ങളും ഉണ്ട്. വകുപ്പിലെ ഒരു വിഭാഗം അച്ചടികൾ ഈ പ്രസ്സിൽ നിർവ്വഹിക്കുന്നു.

സാമ്പത്തികവും സ്ഥിതിവിവരക്കണക്ക് സംബന്ധവുമായ 6000-ൽ അധികം പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമടങ്ങിയ ഒരു ലൈബ്രറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. ഡേറ്റാ ഉപയോക്താക്കളുടെയും ഗവേഷണ വിദ്യാർത്ഥികളുടേയും സൗകര്യാർത്ഥം ഡയറക്ടറേറ്റിൽ ഒരു ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തിക്കുന്നു.

**പരാതികൾക്കും സങ്കടഹർജ്ജികൾക്കും പരിഹാരം:**

ഈ വകുപ്പിനെ സംബന്ധിച്ച പൊതുജനങ്ങൾക്കുള്ള പരാതികൾക്ക് സത്വര പരിഹാരത്തിന് ഡയറക്ടറെ സമീപിക്കുക.

**സഹായസരണി**

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്
അഞ്ചാം നില, വികാസ് ഭവൻ
തിരുവനന്തപുരം 695033.

| | |
|---|---|
| ഫാക്സ് നമ്പർ | 0471-2305318 |
| *ടെലിഫോൺ നമ്പരുകൾ* | |
| ഡയറക്ടർ | 0471-2305318 |
| അഡീഷണൽ ഡയറക്ടർ ജനറൽ | 0471-2304711 |
| അഡീഷണൽ ഡയറക്ടർ | 0471-2306039 |
| (പ്രൈസസ് ആന്റ് സ്റ്റേറ്റ് ഇൻകം | |
| ജോയിന്റ് ഡയറക്ടർ - പി.പി.സി, | 0471-2307419 |
| റ്റി.ആർ.എസ്, അഗ്രികൾച്ചറൽ സെൻസസ് | |
| ജോയിന്റ് ഡയറക്ടർ - എസ് ആന്റ് ഡി | 0471-2305552 |
| (പ്രൈസസ് സെക്ഷൻ) | |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 0471-2303935 |
| ഓഫീസ് | 0471-2303404 |

# CITIZENS CHARTER

## INTRODUCTION

This millennium is an era of information technology and its applications. Statistics, as the main tool for disseminating data, has a central role to play in this context. Kerala is one of the states in India having a well organised Statistical system. The department had its origin in the scheme for the improvement of Agricultural Statistics started in 1949 as a post war reconstruction scheme under the Development of Research in the erstwhile Travancore University. After integration of Travancore and Cochin states, the State Government constituted the Board of Studies in 1951. A separate department was formed in 1954 as Department of Statistics. Subsequently the Department of Statistics was designated as the Bureau of Economics and Statistics in 1963. The nomenclature of the department was once again changed in 1980 as the Directorate of Economics and Statistics (GO(Rt)No.366/80/plg dated 08.08.1980). The Directorate of Economics and Statistics is the nerve centre of the State Statistical System.

Department of Economics and Statistics is the nodal agency for collection compilation, analysis and reporting of Statistics on any subject and from any sector. Similarly Government of India have declared this department as the State Agricultural Statistics Authority (SASA) also.

## FUNCTIONS:

1. The Department of Economics & Statistics is the nodal agency of the State responsible for the systematic collection, compilation, Analysis, objective interpretation and dissemination of statistics relating to various sectors of Kerala Economy. This department is operating plan schemes, Non-plan schemes and Centrally sponsored schemes 50% and 100%.

2. Conducting adhoc surveys of current interest, Rapid Rural Appraisals, Adhoc field enquiries etc. on various aspects of Socio-Economic Development.

3. Organization of in-service training to statistical personnel.

4. Liaison with the Statistical Organizations of Government of India. Other State Governments and Union Territories.

5. Participation in Census as sponsored by Central Government like, Population Census, Agricultural Census, Economic Census, Livestock Census etc.

6. Acting as a Co-ordinating agency of statistical cells working in other departments where the statistical personnel are drawn from the Directorate of Economics and Statistics.

7. Conduct of Special surveys / studies for other departments.

**MAJOR ACTIVITIES**

1. Collection of Agriculture Statistics on regular basis and published seasonwise/yearwise.
   a) Crop Estimation Survey on Fruits, Vegetables and Minor crops.
   b) Conducting crop cuting experiments for general crop estimation
2. Agriculture Census and Input Survey on quinquennial basis-
3. Cost of cultivation of important crops –
4. Annual Survey of Industries
5. Index of Industrial production
6. Housing Statistics
7. Labour Statistics
8. Vital Statistics – Civil Registration system
   a) Data under Birth and Death Registration Act
   b) Medical Certification of causes of Death
   c) Spot Check survey
9. Sample Registration
10. Wage Structure Survey

11. Prices Statistics
    a) Computation of Consumer Price Index Numbers for industrial workers and Agricultural labourers Base year 1998-99 =100
    b) Computation of Parity Index Numbers
    c) Computation of Whole Sale Price Index Numbers
    d) Collection of Prices of essential commodities
    e)
    f) Collection of Dietary Prices
    g) Collection of Whole Sale Price for Market Intelligence

12 Conduct of National Sample Survey on matching sample basis

13. Computation of State Income

14. Evaluation studies of Soil conservation programmes

15. Publication of Statistics

16. Conduct of Adhoc surveys of current interest – 'Aged Citizens in Kerala, a Socio-Economic Profile' during 2002-2003

## Services being rendered to the Public

Eventhough this department is not implementing any developmental schemes, the data collected, disseminated and analysed by this department are widely used for Plan preparation, preparation of developmental schemes, monitoring & evaluation etc. Infact formulation of Macro and Micro level plans are based on these statistics to an extend. Administrators, Academicians, teachers and the public have access to these data through print media and IT media. Now these data are available through official Kerala Government Website also.

Daily prices of various commodities are broadcast through AIR. Similarly Consumer Price Index for Agricultural & Industrial workers is published every month. These are the main data which are linked with the public.

## Dissemination of Information Through Publications

Recent Publications of the department are:

1. Statistics for Planning
2. Kerala at a Glance
3. Statistics since Independence
4. Women in Kerala
5. Panchayat Level Statistics – All districts
6. Agricultural Statistics – 2000 – 2001
7. Report on Agricultural Census
8. Report on Cost of Cultivation of important Crops in Kerala
9. Vital Statistics Bulletin – 1997
10. Report on Family Budget Survey
11. Kerala Economy –2001
12. Season and Crop report of Kerala
13. Annual report on Residential Vital rates in Corporations and Municipalities
14. Annual report on Sample Registration of Births and Deaths in Kerala
15. Report on Wage Structure Survey
16. Brochure on gross fixed capital in Kerala
17. Report on Input Survey (Agricultural Census)
18. Agricultural Census – Preliminary report on operational holdings
19. MCCD 1997 (Medical Certificate of cause of Death 1997)
20. Report on working of Factories Act 1948, Wages Act 1936 and Maternity benefit Act 1961 for the year 1999.
21. Household consumption pattern in Kerala and India
22. State Domestic product
23. Report on Quinquennial Survey on Consumer Expenditure
24. Evaluation study on Soil Conservation in Kerala
25. Report on Computer Survey
26. Annual Administration Report of Directorate of Economics & Statistics
27. Eco-Stat-News is a Bi-monthly publication of this department meant for official circulation in which all subject are covered

## .INFRASTRUCTURE:

The Directorate of Economics & Statistics is the nerve centre of the State Statistical System. Director is the technical and administrative head of the Department. Being the statistics authority of the state he functions as the authority for the collection processing and dissemination of all statistical data relating to the state economy. In technical matters he is assisted by three Additional Directors and on Administrative matters by an Administrative Officer. For dealing with statistical work there are various divisions in the Directorate, which are headed by Additional Directors.

A division is further sub divided into units headed by Joint Directors. Further a unit is divided into sections with a specified subject Area. Each technical section is headed by Deputy Director / Assistant Director / Research Officer. Depending upon the workload and nature of work each section is manned by one or more Research Officers and Research Assistants and a few compilers. Each administrative sections manned by the Administrative Assistant assisted by Senior Superintendent, Junior Superintendent and Clerks / Compilers.

Besides the Directorate there are 14 District Offices each headed by a Deputy Director. The Deputy Director in the District Offices is assisted by one District Officer, one or more Additional District Officers, one Price Supervisory Officer and one or two Research Officers and supporting staff.

At Taluk level, there is a Taluk Statistical Office, which is the lowest statistical unit in the state supported by Statistical Inspectors and Investigators. There are at present 61 Taluk Statistical Offices, each under the control of a Taluk Statistical Officer.

The Statistical system of Kerala also include the various statistical cells working in various departments of the State Government. The are manned by personnel drawn from the department of Economics and Statistics as a temporary additions. There is a Statistical functionary in the name of Extension Officer (P&M) attached to each Block Development Office under the control of Block Development Officer.

## ADDITIONAL INFRASTRUCTURE

This department has a well-built Computer Division, All the District Offices also has Computer units. There is a Small RISO Printing Press working in the department. This department is having an excellent Library and has also setup an Information Centre in the Directorate for use of data users and researchers.

## COMPLAINTS AND GRIEVANCES

Complaints and Public Grievances relating to this department can be addressed to the Director, Directorate of Economics and Statistics for quick redressal.

## HELPLINE

Postal Address:

The Director
Directorate of Economics and Statistics
5th Floor
Vikas Bhavan
Thiruvananthapuram – 695033

| | |
|---|---|
| Fax No: - | |
| Telephone Nos: | 0471-2305318 |
| Director | |
| Additional Director (General) | 0471-2305318 |
| Additional Director, Prices and State Income | 0471-2304711 |
| Joint Director, PPC | 0471-2306039 |
| Joint Director, TRS | 0471-2307419 |
| Joint Director, Agricultural Census | |
| Joint Director, Survey & Design | |
| Administrative Officer | 0471-2305552 |
| Administrative Assistant (General) | 0471-2303935 |
| | 0471-2303404 |

769

*Printed & published by Department of Economics & Statistics,*
*Government of Kerala*